ജൂഹൂ പിക്ചേഴ്സ്

# പ്രിയ

സംവിധാനം
മധു



RAJSHRI RELEASE

# കഥാസാരം

ബോംബെയിലെ എക്സലൻറ് അഡ്വർട്ടൈസേഴ്സിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായ ഗോപൻ പെട്ടെന്നു് അപ്രത്യക്ഷനാകുന്നു. ദേവി, ഗോപൻെറ ജീവതസർവ്വസ്വമായിരുന്ന ഭാര്യ. ഭർത്താവിൻെറ വിവരങ്ങളൊന്നുമറിയാൻ കഴിയാത്തതിൽ പരിഭ്രമിക്കുന്നു. കത്തുകൾക്കും കമ്പികൾക്കും മറുപടി ലഭിക്കാത്തതുകൊണ്ടു്, ദേവിയുടെ സഹോദരൻ മോഹൻ ബാബു, പൂനയിലുള്ള തൻെറ സുഹൃത്തു് ഭാസിയെ ഗോപൻെറ വിവരങ്ങളന്വേഷിച്ചറിയാൻ ചുമതലപ്പെടുത്തുന്നു.

ഭാസി ബോംബെയിലെത്തുമ്പോൾ, ഗോപനും, മോഹൻ ബാബുവും താനുംകൂടി ഉല്ലാസമായി കഴിഞ്ഞുവന്നിരുന്ന സുഹൃത്ബന്ധത്തിൻെറ സ്മരണകൾ മനസ്സിൽ നിറഞ്ഞുനിന്നിരുന്നു. ഗോപനും ദേവിയും തമ്മിലുള്ള വിവാഹത്തിനു് മുക്കടമുഷ്ടിക്കാരനായ അവളുടെ പിതാവു് എതിർത്തതും മോഹനനും താനുംകൂടി ആ വിവാഹം നടത്തിച്ചുകൊടുക്കാൻ ശ്രമിച്ചതും ഒടുവിൽ മനസ്സില്ലാമനസ്സോടെ അതിനു സമ്മതം മൂളിയപ്പോൾ അവർ ആഹ്ളാദിച്ചതും ഭാസി ഓർമ്മിച്ചു. ഗോപനെ കാണാനില്ലെന്ന വാർത്ത ഭാസിയെ അമ്പരപ്പിച്ചു. എങ്ങനെയെങ്കിലും ഗോപനെ കണ്ടുപിടിക്കണം എന്നതീരുമാനത്തോടെയാണു് ഭാസി ബോംബെയിലെത്തിയതു്.

ഗോപൻെറ ഓഫീസിൽ അന്വേഷിച്ചു. ഗോപനു് ശത്രുക്കളാരും ഉണ്ടായിരുന്നതായി അവർക്കറിവില്ല. പക്ഷെ സുമുഖനും സരസനുമായിരുന്ന ഗോപനും ഓഫീസ് ടൈപ്പിസ്റ്റ് തുളസിയുമായിട്ടുള്ള അടുപ്പത്തിൽ അസൂയാലുവായ ഒരു വ്യക്തി-കലാകാരനായ ബാനർജി-ആ ഓഫീസിലുണ്ടായിരുന്നെന്നു് അറിയാൻ കഴിഞ്ഞു.

ഭാസി ബാനർജിയുടെ താമസസ്ഥലം കണ്ടുപിടിച്ചു. പക്ഷെ ആ അരക്കിറുക്കൻ, ഭാസി ഗോപൻെറ സുഹൃത്താണെന്നറിഞ്ഞയുടൻ 'നീ എത്ര യുവതികളെ നശിപ്പിച്ചിട്ടുണ്ടു്?' എന്നു ചോദിച്ചു വിരട്ടിയോടിക്കുകയാണു് ചെയ്തതു്.

ഗോപൻെറ താമസസ്ഥലത്തന്വേഷിച്ചു. അയൽവാസിക

ളിൽനിന്നും, ഗോപൻ ഒക്ടോബർ 28-ാംതീയതി കറുത്തു മെലിഞ്ഞു പൊക്കംകുറഞ്ഞ ഒരു മനുഷ്യനുമായി പുറത്തുപോകുന്നതാണ് അവസാനമായി അവർക്കുണ്ടായിരുന്ന അറിവ് എന്നുമനസ്സിലായി.

ഭാസി ടെലിഫോണിൽ ദേവിയെ വിളിച്ചന്വേഷിച്ചു. അതിൽനിന്നും കറുത്തുമെലിഞ്ഞു പൊക്കംകുറഞ്ഞയാൾ ഒരു ഫാക്ടറി ജോലിക്കാരനായ ജയശങ്കറാണെന്നു മനസ്സിലാക്കി.

ഭാസി ജയശങ്കറെ കണ്ടു. ഗോപനെപ്പററി ഒന്നുമറിഞ്ഞുകൂടെന്നു് അയാൾ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. പക്ഷെ ഭാസിയുടെ തന്ത്രപൂർവ്വമുള്ള അന്വേഷണത്തിൽനിന്നും ഒരു കാര്യം-തെളിഞ്ഞു.

ഒക്ടോബർ 28-ാംതീയതി മദ്യപിച്ച് ഗോപൻെറ നിർബ്ബന്ധംമൂലം ചുവന്നവിളക്കുകളുള്ള തെരുവിൽ അവർ പോയിരുന്നു. അവിടെ ഒരു മലയാളി യുവതിയുമായി ഗോപൻ എന്തോ വഴക്കുണ്ടാക്കിയതായും ജയശങ്കറിനു് ചെറിയ ഓർമ്മയുണ്ടു്. ആ യുവതിയെ കീഴടക്കിയേ അടങ്ങൂ എന്ന വ്രതത്തിൽ ആ വേശ്യാലയത്തിനകത്തുപോയ ഗോപനെ പിന്നെ ജയശങ്കറും കണ്ടിട്ടില്ല.

ഭാസിയ്ക്കു് ചില സംശയങ്ങളുണ്ടായി. ജയശങ്കറൊത്തു് അയാൾ ആ വേശ്യാലയം സന്ദർശിച്ചു. പ്രിയ-അതായിരുന്നു ആ യുവതിയുടെ പേർ. ബാനർജിയുടെ വീട്ടിൽ കണ്ട ഒരു ചിത്രവും അവളും തമ്മിൽ സാമ്യമുള്ളതായി ഭാസിയ്ക്കു തോന്നി. പ്രിയയെ അടുത്ത ദിവസം തൻെറ ഹോട്ടൽമുറിയിൽ വരാൻ ഏർപ്പാടുചെയ്തിട്ടു് ഭാസി മടങ്ങിപ്പോന്നു.

പ്രിയയും തുളസിയും ഒരാൾതന്നെയാണോ എന്ന സംശയം തീർക്കാനാണു് ബാനർജിയെ ആ വേശ്യാലയത്തിലേക്കയച്ചതു്. മർദ്ദനമേററു മടങ്ങിവന്ന ബാനർജിയിൽനിന്നും ആ സംശയം ദൂരീകരിക്കപ്പെട്ടു. പ്രിയയും തുളസിയും ഒരാൾതന്നെയായിരുന്നു.

കരാറനുസരിച്ച് അടുത്ത രാത്രിയിൽ പ്രിയ, ഭാസിയുടെ മുറിയിൽ എത്തി. പക്ഷെ, കാത്തിരിക്കുന്ന ഒരു കാമുകനെയല്ല പ്രിയ അവിടെ കണ്ടതു്.

പ്രിയയുടെ ദൃഷ്ടിയിൽ പെടത്തക്കവണ്ണം മനപൂർവ്വം മേശപ്പുറത്തു വച്ചിരുന്ന ഗോപൻെറ ഫോട്ടോ കണ്ടു് അന്ധാളിച്ച അവളോടു ഭാസി ചോദിച്ചു 'ഗോപൻ എവിടെ?'

തികച്ചും അപ്രതീക്ഷിതമായിരുന്നു.

'എനിക്കറിഞ്ഞുകൂടാ.' അവൾ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. ആ വേശ്യാലയത്തിൽ പലരും വന്നുകാണും. എല്ലാവരേയും ഓർക്കാൻ പററുമോ?

പക്ഷെ ഭാസി വിട്ടില്ല. ഗോപനെ അവസാനമായി കണ്ടതു് ഒക്ടോബർ 28-ാം തീയതി അവളുടെ വേശ്യാലയത്തിൽവച്ചാണു്. സാക്ഷികളുണ്ടു്.

ഗത്യന്തരമില്ലാതെ വന്നപ്പോൾ പ്രിയ കണ്ണുനീരിൽകുതിന്ന തൻെറ കഥ വിവരിക്കാൻ തുടങ്ങി..........

ശാന്തസുന്ദരമായ തൻെറ ഗ്രാമം വിട്ടു് തുളസി ഈ നഗരത്തിലേയ്ക്കു വന്നതു് വീടു പുലത്താനായിരുന്നു. അച്ഛൻെറ പെട്ടന്നവേയുള്ള മരണവും, അനുജനേയും അനുജത്തിയേയും പഠിപ്പിക്കേണ്ട ചുമതലയും പട്ടണത്തിൽ ഒരു ജോലി സ്വീകരിക്കുവാൻ അവളെ നിർബ്ബന്ധിതയാക്കി. തൻെറ ഗ്രാമത്തിൽനിന്നും ബോംബെയിൽ ജോലിയായിരുന്ന ഒരു കൂട്ടുകാരി രാധയാണു് അവൾക്കു് ആ ടൈപ്പിസ്റ്റ് ജോലി വാങ്ങിക്കൊടുത്തതു്.

നിഷ്കളങ്കയായിരുന്ന ആ ഗ്രാമീണകന്യകയ്ക്കു് ബോംബെ നഗരത്തിൻെറ ഒരു ഭാഗമാകാൻ കഴിഞ്ഞില്ല. പൊയ്മുഖങ്ങൾ അവൾക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല. തൻെറ ഓഫീസറായിരുന്ന ഗോപൻ തന്ത്രപൂർവ്വം ഒരുക്കിയ വലയിൽ അവൾ പെട്ടുപോയി. നിസ്സഹായയായ ആ യുവതിയുടെ ചാരിത്രം ഗോപൻ കവർന്നെടുത്തു. അവൾ ഗർഭിണിയായി........

പ്രസവം കഴിയുന്നതുവരെ സംരക്ഷിക്കാമെന്ന വ്യാജേന പട്ടണത്തിൽനിന്നും അകലെ ഒരു ആയയുടെ വീട്ടിൽ ഗോപൻ തുളസിയെ കൊണ്ടുചെന്നാക്കി. അടുത്ത ദിവസം മടങ്ങിവരാമെന്നു പറഞ്ഞുപോയ ഗോപൻ അവിടെ തിരിച്ചുചെന്നില്ല.

ആയ സ്നേഹമയിയായ ഒരമ്മയാണെന്നു തുളസി തെററിദ്ധരിച്ചു. പക്ഷെ പ്രസവം കഴിഞ്ഞ് ആരോഗ്യം വീണ്ടുകിട്ടിയപ്പോഴാണു് അവർ അവരുടെ തനിനിറം കാണിച്ചുതുടങ്ങിയതു്. അതുവരെ സംരക്ഷിച്ചതിനു് ഒരു ഭീമമായ സംഖ്യ അവർ ആവശ്യപ്പെട്ടു അതുണ്ടാക്കാൻ ഒരു വഴിയും നിർദ്ദേശിച്ചു.

തുളസി നടുങ്ങിപ്പോയി. താൻ വന്നുപെട്ടതു് എവിടെയാണെന്നു് അപ്പോഴാണു് അവൾക്കു മനസ്സിലായതു്. പക്ഷെ രക്ഷപ്പെടാൻ ഒരു മാർഗ്ഗവുമുണ്ടായിരുന്നില്ല. അവൾക്കുചുററും സുശക്തമായ കാവലുണ്ടായിരുന്നു.

അവളുടെ രോദനങ്ങൾ കേൾക്കാൻ ആരുമുണ്ടായില്ല. മദോന്മത്തരായ വിടന്മാരുടെ ബലിഷ്ഠഹസ്തങ്ങൾക്കുള്ളിൽ നിസ്സഹായയായ ആ സ്ത്രീ കിടന്നു പിടഞ്ഞു.

'അന്നു ഞാൻ ഉറക്കെ നിലവിളിച്ചു. അടുത്തദിവസവും കരഞ്ഞു. അതിനടുത്ത ദിവസം കണ്ണുകൾ നിറഞ്ഞെന്നു തോന്നുന്നു. പിന്നെ ഞാൻ കരഞ്ഞിട്ടില്ല.'

നഗരത്തിൻെറ പൊട്ടിച്ചിരികൾക്കിടയിൽ രോദനങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ല.

തുളസി പ്രിയയായി. ചുവന്ന വിളക്കുകളുടെ തെരുവിൽ അധരത്തിൽ കൃത്രിമമായ പുഞ്ചിരിയും അകമേ നീറുന്ന ഹൃദയവുമായി കഴിയുന്ന അനവധി ബലിയാടുകളിൽ ഒന്നായി.............

ഭാസി ചോദിച്ചു. 'ഗോപനെന്തു സംഭവിച്ചു?'

'ഞാനതു പറയില്ല. പറയാൻ എന്നെനിർബ്ബന്ധിക്കരുതു്.'

'പറഞ്ഞാൽ?'

പറഞ്ഞാൽ ഗോപൻെറ ഭാര്യയായിരിക്കും കൂടുതൽ ദുഃഖിക്കുന്നതു്.'

ഭാസി ഉറപ്പുനൽകി. 'ദേവിയെ അറിയിച്ചുകൂടാത്തതാണെങ്കിൽ താനൊരിക്കലും അറിയിക്കയില്ല. അവൻ എവിടെയാണെന്നറിഞ്ഞാൽമതി എനിക്കു്.'

തുളസിയുടെ നേത്രങ്ങളിൽ നിന്നും ബാഷ്പകണങ്ങൾ ഉതിർന്നുവീണു.

'പറയാം. ഒക്ടോബർ 28–ാംതീയതി. സമയം ഏതാണ്ടു് അർദ്ധരാത്രിയോടടുത്തുകാണും...............'

ആ കഥ നിങ്ങൾ പ്രിയയിൽനിന്നുതന്നെ കേൾക്കുക........

# ഗാനം-1.

രചന: പാടിയത്

യൂസഫലി കേച്ചേരി. ലത

കണ്ണിൻ കണ്ണായ കണ്ണാ—എന്നും
ഗുരുവായൂർ വാഴ്ംതാമരക്കണ്ണാ
കണ്ണിനു കണ്ണായ കണ്ണാ (കണ്ണിനു........)

ഈരേഴലോകവും നിന്നെക്കാണാൻ
ഇരവും പകലും തേടുന്നു
മഴമുകിൽ വണ്ണാ, നിന്നുടൽ കാണാൻ
മനസ്സിനു കണ്ണുകരം നൽക നീ
മനസ്സിനു കണ്ണുകരം നൽക നീ (കണ്ണിനു........)

മുളരികയാലൊരു തേന്മഴ ചൊരിയു
മുരഹര, നീയെൻ ഹൃദയത്തിൽ
പകരം ഞാനെൻ ജീവിതമാലിക
ചാത്താം നിൻതിരുമാറിടത്തിൽ
ചാത്താം നിൻതിരുമാറിടത്തിൽ (കണ്ണിനു........)

# 2

രചന പാടിയത്

യൂസഫലി കേച്ചേരി. മഹേന്ദ്രകപൂർ.

ബോംബെ.........ബോംബെ.........ബോംബെ
സാഗരകന്യക മുടിയിൽ ചൂടിയ
സൗഭാഗ്യ നവരത്നഹാരം
സ്വർഗ്ഗവും നരകവും ഹൃദയത്തിലൊതുക്കിയ
സുന്ദര ഭീകര നഗരം (ബോംബെ......)

മദഭര മന്മഥ ലീലകളൊരിടം
മദിരോത്സവങ്ങളൊരിടം
മദഭര മന്മഥ ലീലകളൊരിടം
മദിരോത്സവങ്ങളൊരിടം
പൊരിയുന്ന ഹൃദയവും, എരിയുന്ന വയറുമായ്
നീറുന്ന ജീവികളൊരിടം (ബോംബെ.......)

## 3

രചന — യൂസഫലി കേച്ചേരി.
പാടിയത് — എസ്. ജാനകി.

വിണ്ണിലെ കാവിൽ പുലരുമ്പോൾ
സ്വർണ്ണംകൊണ്ടു തുലാഭാരം
പുതുപൂവുകളാൽ ഭൂമീദേവിക്കു
പുലരുംമുമ്പേ നിറമാല
പുലരുംമുമ്പേ നിറമാല (വിണ്ണിലെ......)
കുളിരണിമഞ്ഞിൽ നീരാടി തോർത്തി
ഇളവെയിൽ ചന്ദനക്കുറിയും ചാർത്തി
ഓരോ മലരും കാവിൽ പോകാൻ
ഒരുങ്ങിനില്പൂ വഴിനീളേ
ഒരുങ്ങിനില്പൂ വഴിനീളേ (വിണ്ണിലെ......)
ഇന്നലെ രാത്രിയിൽ ഒരുപിടി താരകൾ
ഈ മലർവല്ലിയിൽ അടർന്നുവീണു
ഇന്നവയെല്ലാം നുള്ളിയെടുത്തൊരു
സുന്ദരമാല്യം തീർത്തു ഞാൻ
സുന്ദരമാല്യം തീർത്തു ഞാൻ (വിണ്ണിലെ......

## 4

രചന — യൂസഫലി കേച്ചേരി
പാടിയത് — എസ്. ജാനകി, പി. ലീല

കണ്ണൊന്നു തുറക്കൂ ദീപങ്ങളെ
മണ്ണിലിറങ്ങിയ താരങ്ങളെ
കനകനിലാവിൻ പൈതങ്ങളെ
കാർത്തികരാവിൻ പുളകങ്ങളെ (കണ്ണൊന്നു...... )

ഞങ്ങൾ വിടർത്തും മണിദീപമലരുകൾ
അള്ളരുതേ നീ പൂങ്കാറ്റേ
മലരണിമുറ്റത്ത് ഞങ്ങൾ നാല്പാരു
മണിദീപമാലിക കൊരുത്തോട്ടെ (കണ്ണെന്നു......)

മണ്ണിലും വിണ്ണിലും ഹൃദയങ്ങളിലും
മിന്നിത്തെളിയും ദീപങ്ങളെ
തൃക്കാർത്തികയുടെ തിരുവാർമുടിയിൽ
തിരുകിയ കാണുന്ന മലരുകളേ (കണ്ണെന്നു......)

# 5

രചന — പാടിയത്
യൂസഫലി കേച്ചേരി. — മഹേന്ദ്രകപൂർ

മൂകമാം അധരം മുദ്രിതഹൃദയം
മുന്നിൽ പൊയ് മുഖവലയം
ആശകളടിയുന്ന പ്രേതകുടീരം
അൽഭുതമാന്ത്രികനഗരം
വെളുത്ത രാവും മരവിച്ച പകലും
വേർതിരിച്ചറിയാത്ത ലോകം
കാലത്തിൻ ചലനങ്ങൾ തുടർന്നേ പോകും
കദനങ്ങൾ പൂവിടും, കനിയാകും.

# 6

രചന — പാടിയത്
യൂസഫലി കേച്ചേരി. — എസ്. ജാനകി

കണ്ണീരാലൊരു പുഴയുണ്ടാക്കി
കളിവഞ്ചി തുഴയുന്നു–കാലം
കളിവഞ്ചി തുഴയുന്നു
ഉരുകും കരളാൽ വിധിയുടെ കൈകൾ
ഊഞ്ഞാലു കെട്ടുന്നു–ആടാൻ
ഊഞ്ഞാലു കെട്ടുന്നു (കണ്ണീരാലൊരു....)

നീയെന്തറിയും കണ്ണിൻ മണിയേ
നിശ്ശബ്ദമാമെൻ വേദനകൾ
കതിരിട്ടമോഹം വീണടിയുമ്പോൾ
കരളിൽ നിറയും യാതനകൾ (കണ്ണീരാലൊരു....)

ചിറകുമുളയ്ക്കാത്ത പൈങ്കിളിയേ നിൻ
ചിത്തിരപ്പൂമുഖം കാണാതിരുന്നാൽ
അമ്മിഞ്ഞ കിനിയും മാറിടമാകെ
അഗ്നിയിലെരിയും മാനസമാകെ (കണ്ണീരാലൊരു....)

## 7

രചന:
യൂസഫലി കേച്ചേരി

പാടിയത്:
എസ്സ്. ജാനകി.

ആടാനുമറിയാം കാമുകഹ്റുദയത്തെ
അമ്മാനമാടാനുമറിയാം
പാടാനുമറിയാം കാമുകഹ്റുദയത്തെ
പാട്ടിലാക്കാനുമറിയാം (ആടാനുമറിയാം)
മോഹനഹേമന്തശീതളരാത്രിയിൽ
മോഹങ്ങൾക്കെല്ലാം ചിറകുവച്ചു
പാലപ്പൂങ്കൊമ്പിലെ കസ്തൂരിച്ചെപ്പുകൾ
പാതിരാത്തെന്നൽ തുറന്നുവച്ചു.

മണിയറയ്ക്കുള്ളിലെ ചന്ദനക്കട്ടിലിൽ
മലരന്നി മണിമെത്ത ഞാൻവിരിച്ചു.
(ആടാനുമറിയാം)

ഓടിയകലുന്ന മാദകനിമിഷങ്ങൾ
ഒരുനാളുമെത്തുകയില്ല വീണ്ടും
മതിമതി താമസം, പ്രിയമുള്ളവനേ
മണിയറ മാടിവിളിക്കുന്നു (ആടാനുമറിയാം)

ജമു പിക്ച്ചേഴ്സ് അവതരിപ്പിക്കുന്ന

# പ്രിയ

രചന: സി. രാധാകൃഷ്ണൻ

ഗാനങ്ങൾ: യൂസഫലി കേച്ചേരി

സംഗീതം: ബാബുരാജ്

പാടിയവർ: മഹേന്ദ്രകപൂർ, എസ്സ്. ജാനകി, പി. ലീല, ലത

മേക്കപ്പ്: ഭാസ്ക്കരൻ, ബോസ്

വസ്ത്രാലങ്കാരം: നടരാജൻ

കലാസംവിധാനം: എസ്സ്. കൊന്നനാട്ട്

ഛായാഗ്രഹണം: യു. രാജഗോപാൽ, ബഞ്ചമിൻ (മദ്രാസ് യൂണിററ്)
രാമചന്ദ്രാ, എൽ. സി. കപൂർ (ബോംബെ യൂണിററ്)

നിശ്ചലചിത്രങ്ങൾ: ഡേവിഡ്, റോബിൻസൺ (ബോംബെ)

നൃത്തസംവിധാനം: തങ്കപ്പൻ,
വസന്ത് ആൻറ് ശീന (ബോംബെ)

ചിത്രസംയോജനം: ഋഷികേശ്മുക്കർജി

സംവിധാനസഹായികൾ: ഋഷി, വിജയൻ,
വില്യംതോമസ്, മുഹമ്മദ്.

നിർമ്മാണനിയന്ത്രണം: എൻ. പി. അബു

നിർമ്മാണനിർവ്വഹണം: ഋഷി, കെ. പി. പിള്ള

നിർമ്മാണം: എൻ. പി. അലി

സംവിധാനം: ...... ....... മധു

വിതരണം: രാജശ്രീ പിക്ച്ചേഴ്സ് (പ്രൈ.) ലി.

നടീനടന്മാർ: മധു, അടൂർ ഭാസി, ബഹദൂർ, ശങ്കരാടി, വീരൻ, ലില്ലി ചക്രവർത്തി, ജയഭാരതി, സുകുമാരി, മീന, കദീജ, പത്മം................

വരുന്നു!

രാജശ്രീ പ്രൊഡക്ഷൻസ്

## ജീവിത സമരം

(മലയാളം-ഈസ്റ്റ്മൻകളർ)

ധർമ്മേന്ദ്ര, രാഖി etc.

സംഗീതം
ലക്ഷ്മീകാന്ത്-പ്യാരേലാൽ.

സംവിധാനം
സത്യൻബോസ്.

രാജശ്രീ പ്രൊഡക്ഷൻസ്

## മുത്തശ്ശി

(മലയാളം-ഈസ്റ്റ്മൻ കളർ)

നസീർ, ഷീല etc.

സംഗീതം
വി. ദക്ഷിണാമൂർത്തി.

സംവിധാനം
പി. ഭാസ്കരൻ.

സുപ്രിയാ പിക്ചേഴ്സ്

## കരകാണാക്കടൽ

(മലയാളം-ഈസ്റ്റ്മൻകളർ)

സത്യൻ, മധു, ജയഭാരതി etc.

സംഗീതം
ദേവരാജൻ.

സംവിധാനം
സേതുമാധവൻ.

ശ്രീകാന്ത് പ്രൊഡക്ഷൻസ്

## മൂന്നുപൂക്കൾ

(മലയാളം)

സത്യൻ, നസീർ, മധു, -ഷീല, അംബിക, etc.

സംഗീതം
പുകഴേന്തി.

സംവിധാനം
പി. ഭാസ്കരൻ.

ചിത്രാഞ്ജലിയുടെ

## ഒരു പെണ്ണിന്റെ കഥ

(മലയാളം)

സത്യൻ, ഷീല etc.

സംഗീതം
ദേവരാജൻ.

സംവിധാനം
സേതുമാധവൻ.

Rajshri Pictures (P) Ltd., Cochin-11. Phone: 32761

Chandralekha Printers, Cochin-18. Phone: 33082